# ആദ്യത്തെ കൺമണി ആരായിരിക്കണം?

വി.എം. ഗിരിജ

ഡോക്ടർ ജെയിംസ് വാട്സൺ നോബൽ സമ്മാന ജേതാവ് ചോദിക്കുന്നു (ഡബിൾ ഹെലിക്സ് - ഡി.എൻ.എ. യുടെ ഘടന കണ്ടുപിടിച്ച ശാസ്ത്രജ്ഞനാണദ്ദേഹം) "ജീനുകളെ കൊട്ടുത്തുകൊണ്ട് കൂടുതൽ നല്ല മനുഷ്യരെ ഉണ്ടാക്കാൻ കഴിയും. എങ്കിൽ അത് ചെയ്യുന്നതിൽ എന്താണ്?"

വരച്ചുമായ്ച്ച് സ്വന്തം ഭാവനപറയുംപോലെ ഒരു ചിത്രം ചിത്രകാരൻ പൂർത്തിയാക്കുന്നു; എഴുത്തുകാരൻ വാക്കുകൾ അടുക്കി ഒരുക്കി പുതിയ സൃഷ്ടി നടത്തുന്നു. ശില്പി മനോഹരമായ ശില്പം വാർത്തെടുക്കുന്നു. അതുപോലെ സ്വന്തം ഇച്ഛയനുസരിച്ച് സ്വന്തം കുഞ്ഞുങ്ങളുടെ ആരോഗ്യം, നിറം, ആയുർദൈർഘ്യം, അഭിരുചികൾ, വാസനകൾ എല്ലാം നമുക്ക് രൂപം കൊടുക്കാമെങ്കിലോ? സംഗീതക്ലാസ്സിനും ചിത്രകലാപഠനത്തിനും കുഞ്ഞുങ്ങളെ വിടുന്നതിനും പണം ചെലവാക്കുന്നതിനും പകരം ജനിതക എഞ്ചിനീയറിംഗ് വഴി നമുക്കാഗ്രഹമുള്ള കുഞ്ഞിന് ജൻമം കൊടുക്കാമെങ്കിൽ അതല്ലേ എളുപ്പം? ജീൻ തെറാപ്പി, പ്രീ ഇംപ്ലാന്റേഷൻ, ജനറ്റിക് ഡയഗ്നോസിസ്, ......... ഈ വാക്കുകളൊക്കെ നമുക്ക് സുപരിചിതമാകാൻ പോവുകയാണ്.

മനുഷ്യരുടെ ബുദ്ധിശക്തി, അഭിരുചി എന്നിവയെ നിയന്ത്രിക്കുന്ന ജീനുകളെ നിയന്ത്രിച്ച് നമുക്ക് ജൻമം എന്ന പ്രക്രിയയെത്തന്നെ മാറ്റിമറിക്കാൻ കഴിയും. കൃത്രിമ മനുഷ്യക്രോമസോം ഉണ്ടാക്കാൻ കഴിയും. ചരടിൽ മുത്തുകളെപ്പോലെ നമുക്ക് നിർദ്ദേശപ്രകാരം ജീനുകളെ ഒരുക്കി ഭ്രൂണത്തിലേയ്ക്ക് കടത്തിവിടാൻ കഴിയും.

ബുദ്ധിമാന്ദ്യം, ശാരീരികവൈകല്യങ്ങൾ തുടങ്ങിയ ജൻമവൈകൃതങ്ങളെ ഒഴിവാക്കാൻ സഹായിക്കും വരെ മാത്രമേ ഈ ഒരു രീതി അഭികാമ്യമാവുകയുള്ളൂ. അതോ നമുക്കിഷ്ടമായി രീതിയിൽ നമ്മുടെ ഇഷ്ടത്തിലെ "സുന്ദരനും, ധീരനും ശക്തിമാനും ആരോഗ്യവാനും" ആക്കി മാറ്റേണ്ടതുണ്ടോ? ഈ വിശേഷണങ്ങൾ കാണുമ്പോൾ അറിയാം ആണിനും പെണ്ണിനും വെവ്വേറെ ഗുണങ്ങൾ ആണ് നാം കൊടുക്കുക എന്ന്. ഏതാണ് ശരി? തെറ്റ്? അഭികാമ്യം? എന്ന നിർണ്ണയിക്കാൻ നമുക്കധികാരം ഉണ്ടോ? നമ്മുടെ നൻമസങ്കല്പങ്ങളും പൂർണ്ണതാ സങ്കല്പങ്ങളും കുറ്റമറ്റതാണോ? അതിമാനുഷൻമാരെ വാർത്തെടുക്കാനുള്ള ശ്രമത്തിൽ പ്രകൃതി സഹജമായ എന്തെങ്കിലും സംഭാവനകൾ നാം തകർക്കുകയില്ലേ?

തീർത്തും കൃത്രിമമായ എല്ലും തീർത്തും ഭീതിജനകവും വിഷലിപ്തവും നിയന്ത്രണാതീതമായ ഒരുപാട് പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമാണെന്ന് കൃഷി, ജൈവരംഗത്ത് മനുഷ്യവംശം ഇന്നേവരെ ആവിഷ്കരിച്ച പരീക്ഷണങ്ങളും വികസനങ്ങളും പരിഷ്കാരങ്ങളും കൃത്രിമമായ ഇടപെടലുകളും നമുക്ക് നൽകുന്ന പാഠം. സമ്പന്നർക്ക് ലോകമാകെ നിയന്ത്രിക്കാൻ പോന്ന 'അതിമാനുഷരെ' പടച്ചെടുക്കാൻ ഒരവസരം കൊടുക്കണോ? സമ്പന്നരാഷ്ട്രങ്ങളുടെ, സമ്പന്നരുടെ, പാശ്ചാത്യരുടെ......ഇവരുടെ നന്മകൾ ദരിദ്രരാഷ്ട്രങ്ങളുടെ, ദരിദ്രരുടെ കറുത്ത വർഗ്ഗക്കാരുടെ ഒട്ടേറെ പ്രാചീന ആദിവാസിക്കൂട്ടങ്ങളുടെ നൻമകളല്ല എന്ന ചരിത്രം. പല പ്രാവശ്യം തെളിയിച്ച സ്ഥിതിക്ക് ആണവ സ്ഫോടനങ്ങളേക്കാൾ ഭീകരമായേക്കാവുന്ന ഇത്തരം ഇടപെടലുകൾ വേണമോ?

പ്രതിഷേധത്തിന് സമയമായി

